ദേശാഭിമാനി 2022 ഫെബ്രുവരി 17 വ്യാഴം

# തോട്ടണ്ടി സംഭരണം ഉടൻ

**തിരുവനന്തപുരം**

സംസ്ഥാനത്ത് നാടൻ തോട്ടണ്ടി നേരിട്ട് സംഭരിക്കാനുള്ള നടപടി ഉടനാരംഭിക്കും. ഒരാഴ്ചയ്ക്കുള്ളിൽ വിലനിർണയ സമിതി യോഗം ചേർന്ന് തോട്ടണ്ടിയുടെ വില നിർണയിക്കാനും തീരുമാനമായി. വ്യവസായ മന്ത്രി പി രാജീവിന്റെ അധ്യക്ഷതയിൽചേർന്ന കാപെക്സ്, കാഷ്യൂ കോർപറേഷൻ, കാഷ്യൂ ബോർഡ് അധികൃതരുടെ യോഗത്തിലാണ് തീരുമാനം.

കാപെക്സിനും കോർപറേഷനും ആവശ്യമായ തോട്ടണ്ടി സംഭരിക്കും. ഇത് അവലോകനംചെയ്യാൻ രണ്ടാഴ്ചയിലൊരിക്കൽ കാഷ്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേരും. കശുവണ്ടി തോട്ടമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് നാടൻ തോട്ടണ്ടി സംഭരിക്കും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പണം ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കേരള ബാങ്കുമായി സഹകരിച്ച് പ്രത്യേക സംവിധാനം തുടങ്ങാൻ ഉദ്ദേശിക്കുന്നതായി മന്ത്രി അറിയിച്ചു. 'കേരള സ്റ്റേറ്റ് ഏജൻസി ഫോർ ദ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ' സഹകരണ സ്ഥാപനം വഴി കൃഷി വ്യാപിപ്പിച്ച് ജനകീയ കർഷക കൂട്ടായ്മയാക്കി പരമാവധി സംഭരിക്കും. കർഷകർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിതരണം ചെയ്യുന്ന തൈ മൂന്ന് വർഷത്തിൽ കായ്ക്കുന്നവയാണ്. ഈ വിളവ് തുടർച്ചയായി നിരീക്ഷിക്കാനും യോഗം തീരുമാനിച്ചു.